(ബി) ഇല്ലെങ്കിൽ കാരണം എന്തു് ;

(സി) പി. എസ്സ്. പി. ഗവണ്മെൻറിന്റെ കാലത്തു് ഇതിനാ വേണ്ടിയുള്ള നടപടി പൂർത്തിയാക്കി വച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ബില്ലിനെപ്പറ്റിയുള്ള പര്യാലോചന പൂർത്തിയാകാത്തതുകൊണ്ടു്.

(സി) നടപടി പൂർത്തിയായിരുന്നില്ല.

ഇൻഡ്യൻ പ്രസിഡൻറിന്റെ സന്ദർശനം.

* 273. [16] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി പറയുമോ ?

ഇൻഡ്യൻ പ്രസിഡൻറു് ഈ അടുത്ത കാലത്തു് സംസ്ഥാനം സന്ദർശിച്ച വകയിൽ ആകെ ഗവണ്മെൻറിനു് എന്തു തുക ചെലവായി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇൻഡ്യൻ പ്രസിഡൻറു് അടുത്തകാലത്തു് ഈ സംസ്ഥാനം സന്ദർശിച്ച വകയിൽ ഗവണ്മെൻറിനു് ചെലവായിട്ടുള്ള തുകയുടെ കണക്കുകൾ തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല.

വായനശാലകൾ.

* 274. [17] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ എത്രയെല്ലാം പത്രങ്ങളും മാസികകളും പിന്നോക്കസമുദായ വായനശാലകളിൽ സപ്ലൈ ചെയ്യുന്നുണ്ടു് ;

(ബി) അതിൽ 1954–55-ലും 1955–56-ലും ആകെ എന്തു തുക ചെലവായി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പിന്നോക്കസമുദായവായനശാലകളിൽ സപ്ലൈ ചെയ്യുന്നതിനു് അനുവദിച്ചിട്ടുള്ള പത്രങ്ങളുടെയും ആഴ്ചപ്പതിപ്പുകളുടെയും മാസികകളുടെയും പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു. †അവയിൽ ഏതെങ്കിലും ഓരോന്നു് അതാതു സ്ഥലത്തെ ആളുകളുടെ ഇഷ്ടം അനുസരിച്ചു് സപ്ലൈ ചെയ്തു വരുന്നു.

(ബി) അതിൽ 1954–55-ലും 1955–56-ലും ആകെ 3131 രൂ. 9 ണ. യും ചെലവായി.

†Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV—(*contd.*)

ഉദ്യോഗസ്ഥന്മാർ	ഐ. എ. എസ്സ്./ ഐ. പി. എസ്സിൽ പ്രവേശിച്ചതു്	മുമ്പുണ്ടായിരുന്ന ശമ്പളം	ഐ. എ. എസ്സ്./ ഐ. പി. എസ്സിൽ പ്രവേശിച്ചശേഷമുള്ള ശമ്പളം	പുതിയ ശമ്പളം കൊടുത്തു തുടങ്ങിയതു്
6. ശ്രീ. എം. അണ്ണാദുരൈ	23-4-53	375 രൂപ + 75 രൂപ (ആക്ടിംഗ് അലവൻസ്)	900 രൂപ	23-4-53
7. ശ്രീ. കെ. കെ. രാമൻകുട്ടി	24-53	450 രൂപ	900 രൂപ	23-4-53
8. ശ്രീ. വി. വി. ജോസഫ്	23-4-53	370 രൂപ + 80 രൂപ (ആക്ടിംഗ് അലവൻസ്)	900 രൂപ	23-4-53
9. ശ്രീ. ജി. രാമനാഥൻ	23-4-53	275 രൂപ + 175 രൂപ (ആക്ടിംഗ് അലവൻസ്)	540 രൂപ	23-4-53
10. ശ്രീ. പി. ഐ. ജേക്കബ്	1-4-52	275 രൂപ + 75 രൂപ (സ്പെഷ്യൽ പേ)	500 രൂപ 540 ,, 800 ,,	1-4-52 1-10-52 20-11-52
11. ശ്രീ. എൻ. ചന്ദ്രഭാനു	20-10-52	300 രൂപ + 75 രൂപ (അലവൻസ്)	540 രൂ. + 75 രൂ. (സ്പെഷ്യൽ പേ)	20-10-52
12. ശ്രീ. എം. കെ. ദേവസ്സി	20-10-52	390 രൂപ + 75 രൂപ (സ്പെഷ്യൽ പേ)	500 രൂ. + 75 രൂ. (സ്പെഷ്യൽ പേ)	20-10-52